"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾ ക്ക് പൊതു ഇടങ്ങൾ തുറന്നു കൊടുക്കുന്ന പദ്ധതി- ഉദ്ഘാടനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

G.O.(Rt) No.465/2021/LSGD തീയതി, തിരുവനന്തപുരം, 17/02/2021

---

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കു കീഴിൽ പൂർത്തീകരിച്ച 1070 പ്രവർത്തികളിൽ 399 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായുള്ള 872 റോഡുകളുടെ ഉദ്ഘാടനം 18.02.2021ന് വൈകിട്ട് 4.30ന് ബഹു.മുഖ്യമന്ത്രി ഓൺലൈനായി നിർവഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹു: മുഖ്യമന്ത്രിയുടെ പത്തിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് തയ്യാറായ പൊതു ഇടങ്ങൾ 22.02.2021 തിങ്കളാഴ്ച്ച പകൽ 10.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നതാണ്. ഉദ്ഘാടന ചടങ്ങുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തുന്നതാണ്.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഉദ്ഘാടന പരിപാടി സംഘടിപ്പിക്കുന്നതിന് പരമാവധി 25000/- രൂപ വരെയും പൊതു ഇടങ്ങൾ തുറന്നു കൊടുക്കുന്ന പദ്ധതിയുടെ ഉദ്ഘാടന പരിപാടി സംഘടിപ്പിക്കുന്നതിന് പരമാവധി 15000/- രൂപ വരെയും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ യഥേഷ്ടാനുമതി നൽകി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
SPECIAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ